LIBRARY ARCHIVES Kerala Legislative Assembly

മാഞ്ഞൂർ പഞ്ചായത്ത് മത്സ്യമാർക്കറ്റ് നവീകരണം

198 (206) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ മത്സ്യവികസന ബോർഡിന്റെ സഹായത്തോടെ ആധുനിക മത്സ്യ മാർക്കറ്റുകൾ നിർമ്മിക്കുന്നതിനുവേണ്ടി കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മാഞ്ഞൂർ പഞ്ചായത്ത് മത്സ്യമാർക്കറ്റ് നവീകരിക്കുന്നതു സംബന്ധിച്ച 7245/C2/2015 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കുമോ ;

(ബി) മാഞ്ഞൂർ മത്സ്യമാർക്കറ്റ് നവീകരണം സംബന്ധിച്ച ഫയലിൽ തീരുമാനം കൊക്കൊള്ളുവാൻ അടിയന്തരനടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച് ഉണ്ടായിട്ടുള്ള ഭരണപരവും സാങ്കേതികവുമായിട്ടുള്ള തടസ്സങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കോട്ടയം ജില്ലയിലെ മാഞ്ഞൂർ മത്സ്യമാർക്കറ്റിന്റെ നിർമ്മാണത്തിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. ടി പ്രോജക്ടിന്റെ മൊത്തം ചെലവ് 100 ലക്ഷം രൂപയും, 90 ശതമാനം എൻ.എഫ്.ഡി.ബി. വിഹിതവും 10 ശതമാനം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഹിക്കുന്നതിനും നിർദ്ദേശിച്ചിട്ടുള്ളതുമാണ്. മാഞ്ഞൂർ മത്സ്യമാർക്കറ്റിന്റെ നിർമ്മാണത്തിനായി എസ്റ്റിമേറ്റ് സഹിതം വ്യക്തമായ പ്രൊപ്പോസൽ സമർപ്പിക്കാൻ 7245/സി2/2015 നമ്പർ ഫയലിൽ ഫിഷറീസ് ഡയറക്ടറോടാവശ്യപ്പെട്ടിട്ടുണ്ട്. ടി പ്രോജക്ടിന്റെ ഫണ്ടിംഗ് പാറ്റേൺ സംബന്ധിച്ച് വ്യക്തതയില്ലാത്തതിനാൽ വ്യക്തമായ വിവരവും 14-9-2012-ൽ എൻ.എഫ്.ഡി.ബി. അനുമതി ലഭിച്ച പ്രോജക്ട് ഇനിയും validity ഉണ്ടോയെന്നുള്ള വിവരവും അടിയന്തരമായി അറിയിക്കുവാൻ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന് ഫിഷറീസ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

കൊയിലാണ്ടി വികസന പദ്ധതികൾ

199 (207) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യബന്ധന തുറമുഖ വകുപ്പിന്റെ കീഴിലുള്ള വിവിധ വകുപ്പുകൾ/ഏജൻസികൾ /കോർപ്പറേഷനുകൾ മുഖേന കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വികസന പദ്ധതികൾ എന്തെല്ലാം ; വകുപ്പ് തിരിച്ച് ഓരോ പദ്ധതിയും പ്രത്യേകമായി വ്യക്തമാക്കാമോ ;